പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4186

27.06.2012-ൽ മറുപടിയ്ക്ക്

## വയനാട്ടിൽ 'എന്റെ ഊരു' പദ്ധതി

| ചോദ്യം<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
|---|---|---|
| എ) | വിനോദസഞ്ചാര വകുപ്പിന്റെ കീഴിൽ വയനാട്ടിൽ 'എന്റെ ഊരു' പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) 'എൻ ഊര് ' എന്ന പേരിൽ 4,98,83,000/- രൂപയുടെ ഒരു പദ്ധതി നിർദ്ദേശം പരിഗണനയിലുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | ബി) മാനന്തവാടി സബ്കളക്ടർ പ്രസിഡന്റായും, വൈത്തിരി, പൊഴുതന ഗ്രാമപഞ്ചായത്തുകളിലെ ഉരുകൂട്ടങ്ങളിലുള്ളവർ അംഗങ്ങളായും രജിസ്റ്റർ ചെയ്തിരിക്കുന്ന ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ് 'എൻ ഊര് '. നമ്മുടെ നാടിന്റെ പൈതൃകവും ആദിവാസിപാരമ്പര്യവും അവരുടെ ജീവിതചര്യകളും ലോകത്തിന് മുന്നിൽ എത്തിക്കുക എന്നതു കൂടാതെ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഒരു ഉദാത്ത മാതൃക സൃഷ്ടിക്കുക എന്ന ഉദ്ദേശം കൂടി ഇതിനുണ്ട്. ആദിവാസി ഉത്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭിക്കുന്ന തുക അവരുടെ സാമ്പത്തിക ഉന്നമനത്തിനായി ഉപയോഗിക്കത്തക്കവിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. |
| സി ) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും ഏജൻസിയെ ഏല്പിച്ചിട്ടുണ്ടോ; | സി ), ഡി ) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല |
| ഡി ) | നടപ്പുവർഷം പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ